ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി4/28542/റ്റി.സി/2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 03/12/2013.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — സമാന്തര സർവ്വീസ് ഇല്ലാതാക്കുന്നതിന്റെ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- ഈ വിഷയം സംബന്ധിച്ച് സെക്രട്ടറിയേറ്റിൽ ചേർന്ന യോഗത്തിന്റെ തീരുമാനം

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാനത്തുടനീളം സമാന്തര സർവ്വീസ് ക്രമാതീതമായി വർദ്ധിച്ച സംഭവം, ബഹു. സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ, സെക്രട്ടറിയേറ്റിൽ ചേർന്ന ബഹു. ഗതാഗത മന്ത്രിയുടെ യോഗം കൈക്കൊണ്ട തീരുമാനങ്ങൾ അയച്ചു തരുന്നു.

1. 2013 ഡിസംബർ മാസത്തിൽ ഇക്കാര്യത്തിൽ പ്രത്യേക ചെക്കിംഗ് നടത്തുകയും നടപടികൾ സ്വീകരിക്കുകയും വേണം.

2. ഓട്ടോ, ടെമ്പോ, മിനി ബസ്സ്, ട്രക്കർ, ജീപ്പ് ഇവ ചെക്ക് ചെയ്യുകയും, ആവശ്യമെങ്കിൽ കസ്റ്റഡിയിൽ എടുക്കുകയും, ചെയ്യണം, ഇവയുടെ പെർമിറ്റ് റദ്ദാക്കുകയും വേണം.

3. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അവരുടെ പരിധിയിൽ വരുന്ന ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരോട് ഇത്തരത്തിലുള്ള മൂന്ന് / നാല് വാഹനങ്ങൾ ദിവസം പ്രതി പിടിച്ചെടുക്കുവാൻ നിർദ്ദേശിക്കണം.

4. ഈ വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ നിത്യേന ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഭരണഭാഷ – മാതൃഭാഷ

5. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ഇക്കാര്യത്തിൽ സജീവ താല്പര്യത്തോടെ ഇടപെടേണ്ടതാണ് എന്ന് കർശനമായി നിർദ്ദേശിക്കുന്നു.

ഈ കാര്യങ്ങളുടെ വിജയകരമായ നടത്തിപ്പിന് പോലീസ്, കെ. എസ്. ആർ.ടി. സി. എന്നി അധികാരികളുടെ സഹായവും, സഹകരണവും ആവശ്യപ്പെടാവുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർ

3/12/13

എസ്.ആർ